പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കാൻ കർമ്മപദ്ധതികൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4534

28.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, കെ. മുരളീധരൻ<br>,, ഷാഫി പറമ്പിൽ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (എ) | പദ്ധതിയുടെ കാര്യക്ഷമവും സുഗമവുമായ നടത്തിപ്പിന് അനുബന്ധം-1 ആയി പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് കേന്ദ്ര ഗവ ൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ പുറ പ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഉണ്ട്.<br>കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 2013 ലെ പുതുക്കിയ മാർഗ്ഗനിർദ്ദേ ശങ്ങളിൽ അനുബന്ധം-2 ആയി പറയുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പഞ്ചായത്തുതല നടപടികൾ കൂടുതൽ കാര്യക്ഷമമാക്കാനും തൊഴിലുറപ്പ് പദ്ധതികൾ ശാസ്ത്രീ യമാക്കാനും എന്തെല്ലാം കാര്യങ്ങ ളാണ് മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) | 1. പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ചും തൊഴിലാളികളുടെ അവകാശങ്ങളെ സംബന്ധിച്ചും ബോധവത്കരണ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.<br>2. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, സ്ത്രീകൾ, വികലാംഗർ മറ്റ് ദുർബല ജനവിഭാഗങ്ങൾ തുടങ്ങിയ വരെ പദ്ധതിയിൽ പങ്കാളിക ളാക്കുന്നതിന് മുൻഗണന നൽകുക<br>3. സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | തൊഴിലും വേതനവും നൽകുക<br>4. തൊഴിലില്ലായ്മാവേതനത്തിനും നഷ്ടപരിഹാരങ്ങൾക്കും ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുക<br>5. പദ്ധതിയുടെ നടത്തിപ്പ് സുതാര്യമാക്കുന്നതിനും പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ആവശ്യമായ മേൽനോട്ട സംവിധാനം ഫലപ്രദമാക്കുക<br>6. 2011 ലെ പുതുക്കിയ ഓഡിറ്റ് സ്കീംസ് ഓഫ് റൂൾസ് പ്രകാരം സ്വതന്ത്രമായ സോഷ്യൽ ഓഡിറ്റ് സംവിധാനം രൂപീകരിക്കുക സ്റ്റേക്ക് ഹോൾഡേഴ്സിന് മതിയായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക |
| (ഡി) | പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ